ഉത്തരം

(എ - ജി) എറണ്ണാകുളം സെൻട്രൽ പോലീസ് ക്വാർട്ടേഴ്സിൽ ബ്ലോക്ക് 12 ഇല്ല.

**വനിതാ പോലീസ് കോൺസ്റ്റബിൾമാരെ സ്വന്തം ജില്ലയിൽ നിയമിക്കാൻ നടപടി**

**53 (5964)** ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ മൂന്ന് വർഷം സർവ്വീസ് പൂർത്തിയാക്കിയ വനിതാ പോലീസ് കോൺസ്റ്റബിൾമാരെ സ്വന്തം ജില്ലയിൽ നിയമിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) 10 വർഷം സർവ്വീസ് പൂർത്തീകരിച്ച പോലീസ് കോൺസ്റ്റബിൾമാരെയും സ്വന്തം ജില്ലയിൽ നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

**പോലീസ് സേനയിലെ ഹെഡ് കോൺസ്റ്റബിൾ-ഡ്രൈവർമാർ**

**54 (5965)** ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ വിവിധ വിഭാഗങ്ങളിലായി എത്ര വാഹനങ്ങൾ ഉണ്ട് ; ലൈറ്റ്, ഹെവി വെഹിക്കിൾ എന്നിവ ഇനം തിരിച്ച് ഓരോ വിഭാഗങ്ങളിലേയും എണ്ണം വിശദമാക്കുമോ ;

(ബി) കേരള പോലീസിലെ വിവിധ വിഭാഗങ്ങളിലായി എത്ര ഡ്രൈവർ തസ്തിക നിലവിലുണ്ട് ; ഇതിൽ ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര മണിക്കൂർ ഡ്യൂട്ടി സമയമാണ് ഒരു ഡ്രൈവർ ഒരു ദിവസം ചെയ്യേണ്ടത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പോലീസ് സേനയിലെ ഹെഡ് കോൺസ്റ്റബിൾ ഡ്രൈവർമാർക്ക് എ.എസ്.ഐ. ഗ്രേഡ്, എസ്.ഐ. ഗ്രേഡ് എന്നിവ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ഇ) നിശ്ചിത വർഷം പൂർത്തിയാക്കിയ പോലീസുകാർക്ക് എ.എസ്. ഐ., എസ്.ഐ. പ്രൊമോഷൻ തസ്തികകൾ നൽകിവരുന്നതുപോലെ ഹെഡ്കോൺസ്റ്റബിൾ ഡ്രൈവർമാർക്കും എ.എസ്.ഐ, എസ്.ഐ. പ്രൊമോഷൻ നൽകിവരുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പോലീസ് ഡ്രൈവർമാർക്ക് വാട്ടർ അലവൻസ്, ഇലക്ട്രിസിറ്റി അലവൻസ്, ഹെവി ഡ്യൂട്ടി അലവൻസ് എന്നിവ നൽകിവരുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

| | | |
|---|---|---|
| 1. | ലൈറ്റ് മോട്ടോർ വെഹിക്കിൾ | 2513 എണ്ണം |
| 2. | മീഡിയം വാഹനങ്ങൾ | 393 എണ്ണം |
| 3. | ഹെവി വാഹനങ്ങൾ | 195 എണ്ണം |
| 4. | മോട്ടോർ സൈക്കിളുകളും സ്കൂട്ടറുകളും | 2075 എണ്ണം |
| 5. | ബോട്ട് | 78 എണ്ണം |

(ബി) 2455 തസ്തികകൾ നിലവിലുണ്ട്. 2207 പേർ ജോലി ചെയ്യുന്നുണ്ട്.

(സി) 24 മണിക്കൂർ.

(ഡി) 2006-ലെ ശമ്പളപരിഷ്ക്കരണ ഉത്തരവ് പ്രകാരം എൻട്രി പോസ്റ്റിൽ പ്രവേശിച്ച തീയതിയെ അടിസ്ഥാനപ്പെടുത്തി മാത്രമാണ് ടൈം ബൗണ്ട് ഹയർ ഗ്രേഡുകൾ നൽകുന്നത്.

(ഇ) നിശ്ചിത വർഷം പൂർത്തിയാക്കിയ പോലീസുകാർക്ക് പ്രമോഷൻ നൽകുവാൻ വ്യവസ്ഥയില്ല. പകരം ഗ്രേഡാണ് മേൽപ്പറഞ്ഞവിധം നൽകുന്നത്.

(എഫ്) പോലീസ് ഡ്രൈവർമാർക്ക് വാട്ടർ അലവൻസ്, ഇലക്ട്രിസിറ്റി അലവൻസ്, ഹെവി ഡ്യൂട്ടി അലവൻസ് എന്നിവ നൽകാൻ നിലവിൽ ഉത്തരവുകളില്ല.

**മിനിസ്റ്റീരിയൽ തസ്തിക സൃഷ്ടിക്കാൻ നടപടി**

**55 (5966)** ശ്രീ. കെ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ എണ്ണത്തിന് ആനുപാതികമായി മിനിസ്റ്റീരിയൽ തസ്തിക സൃഷ്ടിക്കാത്തതുമൂലം പോലീസ് ഉദ്യോഗസ്ഥർ തന്നെ വകുപ്പിലെ മിനിസ്റ്റീരിയൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതുമൂലം പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനുള്ള ഫണ്ട് വിനിയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ;

(സി) എങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പോലീസ് സേനയുടെ എണ്ണത്തിന് ആനുപാതികമായി മിനിസ്റ്റീരിയൽ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly